# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6458 11.07.2012 -ൽ മറുപടിയ്ക്ക്**

**തീവ്രവാദ പ്രവർത്തനങ്ങളേയും മാവോയിസ്റ്റുകളേയും കണ്ടെത്തുന്നതിന് നടപടി**

ചോദ്യം

ശ്രീ ബെന്നി ബെഹനാൻ
ശ്രീ സി. പി. മുഹമ്മദ്
ശ്രീ വർക്കല കഹാർ
ശ്രീ കെ. ശിവദാസൻ നായർ

മറുപടി

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി)

എ) തീവ്രവാദ പ്രവർത്തനങ്ങളേയും മാവോയിസ്റ്റു കളേയും കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എ) തീവ്രവാദ സംഘടനയിൽപ്പെട്ടവരും, ചില മതതീവ്രവാദ സംഘടനയിൽപ്പെട്ടവരും കേരളത്തിൽ സജീവമാകാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീവ്രവാദ സംഘടനകൾ നേരിട്ട് കേരളത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിലും അവയുടെ പ്രവർത്തകർ ഉൾപ്പെടുന്നതും, അവയുടെ ആശയങ്ങൾ പിന്തുടരുന്നതുമായ ചില പോഷക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ സംഘടനകളെക്കുറിച്ചും, അതിന്റെ പ്രവർത്തകരെക്കുറിച്ചും സംസ്ഥാന ഇന്റലിജൻസിനു കീഴിലുള്ള ആഭ്യന്തര സുരക്ഷാ വിഭാഗം സസൂക്ഷ്മം നിരീക്ഷണം നടത്തുകയും, അവയുടെ പ്രവർത്തനങ്ങൾക്കെതിരെ കരുതൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ബി) അതിർത്തി പ്രദേശങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലെ പോലീസുമായി ചേർന്ന് പരിശോധന നടത്തുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ബി) & (സി) കേരളം, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ അതിർത്തിയോട് ചേർന്ന് കിടക്കുന്ന വനമേഖലകളിൽ മാവോയിസ്റ്റുകൾ സ്വാധീനമുറപ്പിക്കാൻ സാദ്ധ്യതയുണ്ടെന്ന വിവിധ രഹസ്യാന്വേഷണ ഏജൻസികളുടെ റിപ്പോർട്ടുകളെ തുടർന്ന് കേരളാ പോലീസും, വനം വകുപ്പും സംയുക്തമായി ചേർന്ന് ഇത്തരം മേഖലകളിൽ അന്വേഷണം നടത്തുകയും, തീവ്രവാദപ്രവർത്തനങ്ങളെ ഫലപ്രദമായി നേരിടാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിലെ പോലീസുമായി ബന്ധപ്പെട്ട് സംയോജിതമായ നടപടികളെടുക്കാനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ